LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

6. [*6] ശ്രീ. കെ. എ. ചന്ദ്രൻ :

,, എം. എം. ഹസ്സൻ :

,, എ. കെ. മണി :

,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിനുള്ള കമ്മീഷന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയ പരിധി നിശ്ചയിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കാൻ കഴിയും?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അവസാന ഘട്ടത്തിലാണ്.

(ബി) ഉണ്ട്. 14-3-2005-ലെ സർക്കാർ ഉത്തരവ് (എം എസ്.) നം. 115/05/ധന പ്രകാരം കമ്മീഷന്റെ കാലാവധി 31-12-2005 വരെയായിരുന്നു. പിന്നീട് 24-12-2005-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നം. 554/05/ധന പ്രകാരം കമ്മീഷന്റെ കാലാവധി 28-2-2006 വരെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മാർച്ച് മാസത്തിൽതന്നെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കത്തക്കവണ്ണം റിപ്പോർട്ട് തരണമെന്നും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചാലുടൻ ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

തീവ്രവാദ പ്രവർത്തനങ്ങളും ചാരപ്രവർത്തനങ്ങളും തടയാൻ നടപടി

7. [*7] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, എം. കുമാരൻ :

,, പി. എസ്. സുപാൽ :

,, ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങളും ചാര പ്രവർത്തികളും വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഫോടക വസ്തുക്കൾ അനധികൃതമായി സംസ്ഥാനത്തേക്ക് കടത്തി കൊണ്ടുവരുന്നത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് സ്ഫോടക വസ്തുക്കൾ വൻതോതിൽ വിതരണം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) സംസ്ഥാനത്ത് ഇടതുപക്ഷ തീവ്രവാദ സംഘടനകളുടെയും ചില മത മൗലീകവാദ സംഘടനകളുടെയും പ്രവർത്തനങ്ങൾ ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും, സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചും സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നുണ്ട്. ചാര പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലഭിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനം തടയാൻ നടപടി

8. [*8] ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
,, വി. കെ. സി. മമ്മത് കോയ :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഫോടക വസ്തുക്കളും മാരകായുധങ്ങളും മറ്റും വൻതോതിൽ കേരളത്തിലേക്ക് കടത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരളത്തിന്റെ വടക്കൻ ജില്ലകളിൽ പാക്കിസ്ഥാൻ ചാര സംഘടനയായ ഐ. എസ്. ഐ. പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന ദക്ഷിണേന്ത്യൻ കരസേനാ മേധാവിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് മത തീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; മത തീവ്രവാദ സംഘടനകളുടെ പ്രവർത്തനം ശക്തിപ്പെടുന്നുവെന്ന രഹസ്യാന്വേഷണ ഏജൻസികളുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly